**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1858** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിങ് കുട്ടനാടിൽ പുതിയ അക്കാദമിക് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 1999-ൽ സ്ഥാപിതമായതും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ അഫിലിയേഷനിൽ പ്രവർത്തിക്കുന്നതുമായ കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിങ്ങിന് കുട്ടനാടിൽ പുതിയ അക്കാദമിക് കെട്ടിടത്തിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ആവശ്യകത വിലയിരുത്തി 5 നിലകളുള്ള അക്കാദമിക് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ആകെ വിസ്തീർണ്ണം – 3875.23 ച.മീ.(2007ൽ പ്രവർത്തി തുടങ്ങി 2010ൽ പൂർത്തിയായി).<br><br>അക്കാദമിക് ബ്ലോക്കിന്റെ എക്സ്റ്റൻഷനുവേണ്ടി നബാഡിൽ 25.37 കോടിയുടെ പ്രൊപ്പോസൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിൽ താൽക്കാലിക കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നുവോ; ആയതിന്റെ കാലാവധി കഴിഞ്ഞ് പൊളിച്ചു മാറ്റേണ്ട സ്ഥിതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഷീറ്റ് റൂഫിട്ട പെർമനന്റ് കെട്ടിടങ്ങളാണ് നിർമ്മിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കോളേജിൽ ഹോസ്റ്റലും ചുറ്റുമതിലും പുതിയ അക്കാദമിക് കെട്ടിടങ്ങളും നിർമ്മിച്ച് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ചുറ്റുമതിൽ ഭാഗീകമായി നിർമ്മിച്ചിട്ടുണ്ട്. ഹോസ്റ്റലിന്റെ പ്രപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ